കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

നം : DFTVM/2128/2021-F3 ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം

തീയതി:21-10-2023

ഇ-മെയിൽ :fisheriesdirector@gmail.com

## സർക്കുലർ നമ്പർ 03/2023

വിഷയം :- ആർബിട്രേഷൻ കേസുകളിൽ പ്രതികൾക്ക് സമൻസ് നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 35/82 നമ്പർ സർക്കുലർ

1. കേരള സഹകരണ നിയമത്തിലെ 69-ാം വകുപ്പ് അനുസരിച്ച് രജിസ്ട്രാറുടെ തീരുമാനത്തിന് സമർപ്പിക്കുന്ന തർക്കങ്ങളിൽ, പ്രതികൾക്ക് നിയമപ്രകാരം ശരിയായ രീതിയിൽ സമൻസ് നടത്തിയിരുന്നാൽ മാത്രമേ, വിചാരണ സമയത്ത് പ്രതികൾ ഹാജരാകാതിരുന്നാൽ അവരെ എക്സ് പാർട്ടിയായി ഉത്തരവ് പാസ്സാക്കുവാൻ കഴിയുകയുള്ളൂ. നിയമാനുസരണമല്ലാത്ത സമൻസ് നടത്തുന്നതെങ്കിൽ പാസ്സാക്കപ്പെടുന്ന അവാർഡ് എക്സ്പാർട്ടി പ്രതികളെ ബാധിക്കാത്തതും അവാർഡ് അസ്ഥിരപ്പെട്ടു പോകുന്നതുമാകുന്നു.
2. സഹകരണ നിയമത്തിലെ 104-ാം വകുപ്പനുസരിച്ചോ, സിവിൽ പ്രൊസീഡിയർ കോഡിലെ പ്രസക്ത വകുപ്പുകൾ അനുസരിച്ചോ മാത്രമേ, ആർബിട്രേഷൻ കേസുകളിൽ സമൻസ് നടത്താവൂ എന്ന്, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രവീന്ദ്രൻ പിള്ള അഭി. കോ-ഓപ്പറേറ്റീവ് ട്രിബ്യൂണൽ എന്ന കേസിൽ (1979 കെ.എൽ.റ്റി പേജ് 485) വിധിച്ചിട്ടുണ്ട്. എതൊരാളെയും സമൻസ് അയച്ച് വരുത്തുന്നതിന് ഒരു സിവിൽ കോടതിക്ക്, സിവിൽ പ്രൊസീഡിയർ കോഡ് അനുസരിച്ചുള്ള അധികാരങ്ങൾ സഹകരണ നിയമം 69-ാം വകുപ്പനുസരിച്ച് തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്ന രജിസ്ട്രാർക്കും മറ്റാളുകൾക്കും ഉണ്ടെന്ന് സഹകരണ നിയമം 98-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. സിവിൽ പ്രൊസീഡിയർ കോഡിലെ അഞ്ചാമത് ഓർഡറിലാണ് ജപ്തികൾക്ക് സമൻസ് നടത്തുന്നതിനെ സംബന്ധിച്ച നടപടിക്രമങ്ങൾ വിവരിച്ചിട്ടുള്ളത്. ഈ നടപടിക്രമങ്ങളിൽ സമൻസ് പ്രതികൾക്ക് നേരിട്ടു നടത്തുക, പോസ്റ്റ് മുഖാന്തരം നടത്തുക, മേലുദ്യോഗസ്ഥൻമാർ വഴി നടത്തുക തുടങ്ങിയ വിവിധ വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്. തർക്കങ്ങളിൻമേൽ തീർപ്പു കൽപ്പിക്കുന്ന ഉദ്യോഗസ്ഥൻമാർ പ്രതികൾക്കുള്ള സമൻസ് അയക്കുന്നതിൽ സിവിൽ പ്രൊസീഡിയർ കോഡിലെ അഞ്ചാം ഓർഡറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം കൃത്യമായി പാലിക്കേണ്ടതാണ്.
3. സമൻസ് നടത്തേണ്ടത് അധികാരപ്പെടുത്തിയ ഒരുദ്യോഗസ്ഥൻ ആയിരിക്കേണ്ടതാണ്.